# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1050 28.04.2017 ലെ മറുപടി**

## മങ്കട മണ്ഡലത്തിലെ നിലാപ്പറമ്പിൽ തടയണ സ്ഥാപിക്കൽ

**ചോദ്യം**

**ശ്രീ.ടി.എ.അഹമ്മദ് കബീർ:**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പമന്ത്രി)**

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ മങ്കട നിയോജക മണ്ഡലത്തിലെ നിലാപ്പറ മ്പിൽ തടയണ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 65 കോടി രൂപ അനുവദിച്ചിരുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഉത്തര വിറക്കാൻ നടപടി സ്വീകരിക്കുമോ;

(എ) & (ബി)

2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ വാട്ടർ അതോറിറ്റിയ്ക്കായി (പേജ് 82, ഖണ്ഡിക 175 ക്രമ നമ്പർ 7) നിലാപറമ്പിൽ തടയണ നിർമ്മിക്കാൻ 65കോടി രൂപ ഉൾപ്പെടു ത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) മേജർ ഇറിഗേഷൻ വകുപ്പാണോ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;വിശദമാക്കുമോ?

(സി) ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട നിലാപറമ്പ് തടയണയുടെ സ്ഥാനത്തിന്റെ 4.1 കി.മീ താഴ്ഭാഗത്തായി മങ്കട അസംബ്ലി നിയോജകമണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ കുന്തിപ്പുഴയ്ക്ക് കുറുകെ കീഴ്ഗറിക്കടവ് മുത്തിക്കയത്ത് കിഫ്ബി ധന സഹായത്തോടെ ഏകദേശം 70 കോടി രൂപ ചെലവിൽ ഒരു ആർ.സി.ബി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൈനർ ഇറിഗേഷൻ വകുപ്പ് വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ഈ പ്രൊപ്പോസൽ യാഥാർത്ഥ്യമാവുകയാണെങ്കിൽ നിലാപറമ്പ് തടയണയുടെ ആവശ്യമില്ല.

സെക്ഷൻ ഓഫീസർ